# കേരള
# പ്രൈവററ് കോളേജ് ടീച്ചർ

## AKPCTA

ജേർണൽ 1981 ഡിസംബർ

"പേശലായുർവ്വേദ വിജ്ഞാനശാലിയാം
കേശവവൈദ്യൻെറ സൽക്കീർത്തി 'ചന്ദ്രികേ'
ആശകൾതോറും ചരിക്ക, നറുമണം
വീശുന്നൊരത്ഭുത ചന്ദ്രികയായി നീ."

—മഹാകവി വള്ളത്തോൾ

എനിക്ക് ചുണങ്ങുണ്ടായിരുന്നപ്പോൾ, ചുണങ്ങ് ഒരു സൌന്ദര്യ വസ്തുവാണെന്ന് സ്ഥാപിക്കാൻ ഞാൻ കവിതകളെഴുതിയിട്ടുണ്ട്. പ്രകൃതി അണിയിക്കുന്ന പൂത്താലിക്കണ്ണികളാണ് 'ചുണങ്ങുകൾ' എന്നുവരെ ഞാൻ പറഞ്ഞുനേക്കി. ശ്രീ കേശവൻ വൈദ്യരുടെ 'ചന്ദ്രിക' ഔഷധസോപ്പ് ആ പുള്ളിക്കുത്തുകളെ മുഴുവൻ കഴുകിക്കളഞ്ഞതിനുശേഷം എനിക്കാ പഴയ അഭിപ്രായമില്ല. ചുണങ്ങും, ചൊറിയും ഇല്ലാതിരിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. ആ രോഗങ്ങളുള്ളവർ വിദേശ കമ്പനികളുടെ ഉത്പന്നങ്ങളെ ആശ്രയിക്കാതെ 'ചന്ദ്രിക' ഉപയോഗിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു.

—വയലാർ രാമവർമ്മ

ചന്ദ്രിക ഔഷധസോപ്പ് ഞങ്ങൾ ഉപയോഗിച്ചു തുടങ്ങിയിട്ട് വളരെ നാളായി. തലയിൽ വരുന്ന താരന് മരുന്നായാണ് ആദ്യം വാങ്ങിയത്. പിന്നെ ക്രമേണ കുട്ടികളുടെ ചൊറി, ചുണങ്ങ്, കരപ്പൻ മുതലായവയ്ക്ക് ഫലപ്രദമായ ഔഷധമായും സുഖകരമായ സ്നാനസോപ്പായും പലവിധത്തിൽ അതിൻെറ ഗുണം പരീക്ഷിച്ചറിഞ്ഞു. ഈടും കുളിർമ്മയുമുള്ള ഈ സോപ്പുകൂടാതെ ഇന്നു ഞങ്ങൾക്ക് കുളിക്കുവാൻ വയ്യെന്നായിട്ടുണ്ട്. ആരോഗ്യവും പരിശുദ്ധിയുമാഗ്രഹിക്കുന്നവർക്ക് ചന്ദ്രിക കൂടിയേ തീരൂ.

ജനസേവനത്തിനുള്ള ഈ പാരമ്പര്യം നിലനിർത്തിക്കൊണ്ട് താങ്കളുടെ ചന്ദ്രിക നാടെങ്ങും നിറയട്ടെ.

—എൻ. ലളിതാംബിക അന്തർജ്ജനം

Advt.

# മാർക്കുതട്ടിപ്പുകാരെ കർശനമായി ശിക്ഷിക്കണം

കേരള യൂണിവേഴ്സിററിയിൽ നടന്ന മാർക്കു തട്ടിപ്പിൻേറയും വ്യാജ ബിരുദ നിർമ്മിതിയുടേയും കഥകൾ, ഈയിടെ കോടതി നടത്തിയ പരാമർശത്തോടെ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കയാണ്. യൂണിവേഴ്സിററി ഓഫീസിനകത്ത് ഒരു ഗൂഢസംഘം ഇതിനായി പ്രവർത്തിച്ചിരുന്നു വെന്നാണ് അന്വേഷണങ്ങൾ തെളിയിയ്ക്കുന്നത്. ഇവരുടെ പ്രവർത്തനമണ്ഡലത്തിൻെറ വ്യാപ്തിയും കാലപ്പഴക്കവും അന്വേഷണം പൂർത്തിയാകുന്നതോടെ മാത്രമേ അറിയാൻ കഴിയൂ.

ഇത്തരം അഴിമതികൾ നടത്തുന്നവർക്കെതിരേ കർശനമായ നടപടികളെടുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഏതാനം മാസങ്ങൾക്കു മുമ്പ് മാർക്കു തട്ടിപ്പുമായി ബന്ധപ്പെട്ട് ഒരധ്യാപകൻെറ പേര് പത്രത്തിൽ വരികയുണ്ടായി. പരീക്ഷാക്രമക്കേടുകളിൽ ആര് ഏർപ്പെട്ടാലും അവർക്കെതിരേ ശിക്ഷണ നടപടികളുണ്ടാകണമെന്ന് എ. കെ. പി. സി. ടി. എ. പ്രവർത്തകസമിതി അന്നു തന്നെ ആവശ്യപ്പെടുകയുണ്ടായി. ബഹുഭൂരിപക്ഷം അധ്യാപകരും സത്യസന്ധമായി പരീക്ഷാജോലിയിലേർപ്പെടുമ്പോൾ, ഒന്നോ രണ്ടോ വിരുതൻമാർ അദ്ധ്യാപക സമൂഹത്തിനാകെത്തന്നെ കളങ്കം വരുത്തി വയ്ക്കുകയാണ്.

ഈ രംഗത്തെ കുററക്കാരെ കണ്ടുപിച്ച് ശിക്ഷിയ്ക്കുന്നതോടൊപ്പം പരീക്ഷകളിൽ ഇന്നു നടക്കുന്ന ക്രമക്കേടുകൾ എങ്ങനെ ഒഴിവാക്കാം എന്നതിനെപ്പററിയും അധികാരികൾ ആലോചിക്കണം. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ പൊതുവിൽ ബാധിച്ചിട്ടുള്ള തകരാറുകളല്ലേ പരീക്ഷാ സമ്പ്രദായത്തിലും പ്രതിഫലിച്ചിരിയ്ക്കുക?

□

**കേരള പ്രൈവററ് കോളേജ് ടീച്ചർ**
നമ്പർ 33

1981 ഡിസംബർ

ഒററപ്രതി: 75 പൈസ.
വാർഷിക വരിസംഖ്യ: 7. 50 രൂപ.

മേൽവിലാസം:
ചീഫ് എഡിററർ
കേരളാ പ്രൈവററ് കോളേജ് ടീച്ചർ
വസന്തം
കേശവദാസപുരം
തിരുവനന്തപുരം 4

പത്രാധിപസമിതി:
പി. രവീന്ദ്രനാഥ്
എൻ. എം. ജോസഫ്
എൻ. ഭാർഗവൻ
വി. നാരായണൻകുട്ടി
ജി. മാധവൻനായർ
എം. ആർ. ചന്ദ്രശേഖരൻ
വി. എൻ. മുരളി
(ചീഫ് എഡിററർ)

# മറെറാരു സമരത്തിലേയ്ക്ക് അധ്യാപകരെ തള്ളിവിടരുത്

ഫെബ്രുവരിയിലെ പണിമുടക്കു സമരത്തോടനുബന്ധിച്ചുണ്ടായ ഒത്തുതീർപ്പുവ്യവസ്ഥകൾ നാളിതുവരേയും നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച് സംയുക്ത സമരസമിതി നേതാക്കൾ ഡിസംബർ 11 ന് സെക്രറിയേററുനടയിൽ ധർണ്ണ നടത്തി. സമരസഹായസമിതി കൺവീനറും എൽ. ഐ. സി. എംപ്ളോയീസ് യൂണിയൻ നേതാവുമായ ശ്രീ. കെ. രാഘവൻപിള്ള ധർണ്ണ ഉൽഘാടനം ചെയ്തു. ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാൻ കാലതാമസമുണ്ടാക്കുന്നതിലൂടെ മറെറാരു സമരത്തിലേക്ക് അധ്യാപകരെ തള്ളിവിടുകയാണ് സർക്കാർ ചെയ്യുന്നതെന്ന് ശ്രീ. കെ. രാഘവൻപിള്ള പറഞ്ഞു. അതിനിടയാക്കാതെ ഉടൻ തന്നെ പ്രശ്നം പരിഹരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ധർണയിൽ സംഘടനാ നേതാക്കളെ കൂടാതെ ധാരാളം അധ്യാപകരും പങ്കെടുത്തിരുന്നു. വിവിധ സംഘടനകൾ ധർണയ്ക്ക് അഭിവാദ്യം അർപ്പിച്ചു.



സെക്രട്ടറിയേററു പടിക്കൽ സംയുക്ത സമരസമിതി നേതാക്കൾ നടത്തിയ ധർണ്ണ എൽ. ഐ. സി. എംപ്ളോയിസ് യൂണിയൻ നേതാവ് ശ്രീ. കെ. രാഘവൻപിള്ള ഉത്ഘാടനം ചെയ്യുന്നു.

## കേരളാ യൂണിവേഴ്സിററിയിലെ വിവിധ ഫാക്കൽററികളിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട എ. കെ. പി. സി. ററി. എ- ഏ. കെ. ജി. സി. ററി. സ്ഥാനാർത്ഥികൾ

| | |
|---|---|
| ഫിലോസഫി (പാസ്) | പ്രൊഫ. ആർ. എസ്. രാജലക്ഷ്മിഅമ്മ<br>മഹാരാജാസ് കോളേജ്, എറണാകുളം |
| ഫിലോസഫി (പി ജി) | പ്രൊഫ. എ.. ജെ. രാജമ്മ<br>യൂണിവേഴ്സിററി കോളേജ്, തിരുവനന്തപുരം |
| ഹിസ്ററി (പാസ്) | പ്രൊഫ. സുമം<br>എസ്. എൻ. കോളേജ്, ചെമ്പഴന്തി |
| പോളിററിക്സ് (പാസ്) | ഡോ. പി. എസ്. പണിക്കർ<br>എൻ. എസ്. എസ്. കോളേജ്, ചങ്ങനാശേരി |
| പോളിററിക്സ് (പി. ജി.) | പ്രൊഫ. കെ. എൻ. ഭരതൻ<br>മഹാരാജാസ് കോളേജ്, എറണാകുളം |
| എക്കണോമിക്സ് (പാസ്) | പ്രൊഫ. കെ. ജി. പത്മനാഭൻനായർ<br>എൻ. എസ്. എസ്. കോളേജ്, നിലമേൽ |
| ഇസ്ളാമിക്സ്ററഡീസ് | പ്രൊഫ. അബ്ദുൽകരീം<br>മഹാരാജാസ് കോളേജ്, എറണാകുളം |
| മാത്തമെററിക്സ് (പാസ്) | പ്രൊഫ. കെ. ഹരീന്ദ്രൻ<br>എസ്. എൻ. കോളേജ്, കൊല്ലം<br>പ്രൊഫ. എൻ. ജെ. ജേക്കബ്<br>സി. എം. എസ്. കോളേജ്, കോട്ടയം |
| ഫിസിക്സ് (പാസ്) | പ്രൊഫ ശരത്ചന്ദ്രൻനായർ<br>എസ്. എൻ. കോളേജ്, വർക്കല |
| ഫിസിക്സ് (പി. ജി.) | പ്രൊഫ. കെ. സി. ചാക്കോ<br>സി. എം. എസ്. കോളേജ്, കോട്ടയം |
| കെമിസ്ട്രി (പി. ജി) | പ്രൊഫ. ജോർജ് വർഗ്ഗീസ്<br>യൂണിവേഴ്സിററി കോളേജ്, തിരുവനന്തപുരം |
| ബോട്ടണി (പാസ്) | പ്രൊഫ. എൽ. ഉഷാദേവി<br>യൂണിവേഴ്സിററികോളേജ്, തിരുവനന്തപുരം |
| ബോട്ടണി (പി.ജി) | പ്രൊഫ. ഷെർളി ചന്ദ്രൻ<br>മഹാരാജാസ് കോളേജ്, എറണാകുളം |

| | |
|---|---|
| സുവോളജി (പാസ്) | പ്രൊഫ. കെ. ആർ. പ്രസാദ്<br>മഹാരാജാസ് കോളേജ്, എറണാകുളം<br>പ്രൊഫ. സി. എം. മാത്യു<br>ബസേലിയസ് കോളേജ്, കോട്ടയം |
| സുവോളജി (പി. ജി.) | പ്രൊഫ. ടി. എം. ജോസഫ്<br>സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി |
| ഹോം സയൻസ് (പി. ജി.) | പ്രൊഫ. എ. രമാബായ്<br>എസ്. എൻ. വിമൻസ് കോളേജ്, കൊല്ലം<br>പ്രൊഫ. സിറിനഅബ്ദുൽഹുസൈൻ<br>എസ്. എൻ. വിമൺസ് കോളേജ്, കൊല്ലം |
| സംസ്കൃതം (പി. ജി.) | പ്രൊ കെ. ജി. പൗലോസ്<br>ഗവ. സംസ്കൃതകോളേജ്, പട്ടാമ്പി |
| മലയാളം (പി. ജി.) | പ്രൊഫ. കെ. കുമാരൻ നായർ<br>കാത്തലിക്കേററ് കോളേജ്, പത്തനംതിട്ട |
| തമിഴ് (പാസ്) | പ്രൊഫ. ആർ. ഹരിഹരസുബ്രഹ്മണ്യ അയ്യർ<br>ഗവ ആർട്ട്സ് കോളേജ്, തിരുവനന്തപുരം<br>പ്രൊഫ. എൻ. രാജഗോപാലൻ<br>ഗവ. കോളേജ്, ചിററൂർ |
| ഹിന്ദി (പാസ്) | പ്രൊഫ. കെ. കെ. കൃഷ്ണൻ നമ്പൂതിരി<br>വിമൺസ് കോളേജ്. തിരുവനന്തപുരം<br>പ്രൊഫ .പി. യു. ഉതുപ്പ്<br>ബസേലിയസ് കോളേജ്, കോട്ടയം |
| മ്യൂസിക് | പ്രൊഫ, കെ. സരോജനി അമ്മ<br>വിമൺസ് കോളേജ്, തിരുവനന്തപുരം<br>ശ്രീമതി എം. പത്മ<br>വിമൺസ് കോളേജ്, തിരുവനന്തപുരം |

## തെരഞ്ഞെടുപ്പിലൂടെ വിജയിച്ചവർ

| | |
|---|---|
| സംസ്കൃതം (പാസ്): | ശ്രീ. കെ. ജി. രാമൻപിള്ള<br>എം. ജി. കോളേജ്, തിരുവനന്തപുരം |
| ഹിന്ദി (പി. ജി.) | പ്രൊഫ. തങ്കപ്പൻ നായർ<br>കാത്തലിക്കേററ് കോളേജ്<br>പത്തനംതിട്ട<br>പ്രൊഫ. പി, രതീദേവിഅമ്മ<br>യൂണിവേഴ്സിററി കോളേജ്<br>തിരുവനന്തപുരം |
| കോമേഴ്സ് (പി. ജി.) | പ്രൊഫ. ഒ. കെ. ശ്രീധരൻ<br>ആർട്സ് കോളേജ്<br>തിരുവനന്തപുരം. |

# ശാസ്ത്രകലാ ജാഥ

കെ. കെ. ജി. പിള്ള

ജാഥകൾ നമുക്ക് സുപരിചിതമാണ്. എന്നാൽ അവയിൽ നിന്നൊക്കെ വിഭിന്നമായിരുന്നു, ശാസ്ത്ര കലാജാഥ.. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ബഹുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട ജാഥ. കഴിഞ്ഞ വർഷമാണ്, ശാസ്ത്രകലാജാഥ ആദ്യമായി സംഘടിപ്പിക്കപ്പെട്ടത്. 1980 ഒക്ടോബർ 2ന് തിരുവനന്തപുരം ജില്ലയിലെ കാരക്കോണത്തു നിന്നാരംഭിച്ച ജാഥ എല്ലാജില്ലകളിലും പര്യടനം നടത്തിയ ശേഷം കാസർ കോട്ട് നവംബർ 7നു സമാപിച്ചു. പ്രേക്ഷകരിൽ നിന്നും ആവേശോജ്വലമായ വരവേൽപുകളാണ് അന്ന് ജാഥയ്ക്കു ലഭിച്ചത്. അതുകൊണ്ടാണ് ഈ വർഷവും ജാഥ സംഘടിപ്പിക്കാൻ പരിഷത് തീരുമാനിച്ചത്.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് ഈ വർഷവും (1981) ജാഥ തുടങ്ങി. ഒന്നല്ല, രണ്ട്. ഒന്ന് തിരുവനന്തപുരം ജില്ലയിലെ കെടാകുളത്തു നിന്നാരംഭിച്ചു. രണ്ടാമത്തേത് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിന്നും. രണ്ടും വിവിധ ജില്ലകളിൽ പര്യടനം നടത്തിയ ശേഷം ഒക്ടോബർ വിപ്ളവദിനമായ നവംബർ 7ന് തൃശൂരിൽ ഒത്തുചേർന്നു സമാപിച്ചു,

ഒരു ദിവസം അഞ്ചോ, ആറോ കേന്ദ്രങ്ങളിൽ വീതം ജാഥയ്ക്കു സ്വീകരണം നൽകി. ഓരോ സ്വീകരണ കേന്ദ്രത്തിലും ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന കലാപരിപാടികൾ അവതരിപ്പിച്ചു. സ്വീകരണത്തിന് മാലയോ, ഷാളോ ഒന്നും നൽകേണ്ട. പകരം മാലയ്ക്കു മുടക്കാനുദ്ദേശിച്ച തുകയ്ക്ക് ശാസ്ത്രപുസ്തകങ്ങൾ വാങ്ങുക എന്ന് പരിഷത് നിർദ്ദേശിച്ചു. ഫലമോ ? കേവലം 38 ദിവസം കൊണ്ട് പതിനായിരക്കണക്കിനു ശാസ്ത്ര പുസ്തകങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കാൻ കഴിഞ്ഞു.

ഒരേ തരത്തിലുള്ള കൈലി ഉടുത്ത് ചുവന്ന അരപ്പട്ടകെട്ടിയ അർധനഗ്നരായ കലാകാരൻമാരാണ് പരിപാടി അവതരിപ്പിച്ചത്. ഒരു സ്ഥലത്തെത്തിയാൽ ചെണ്ട മേളത്തിന്റെ അകമ്പടിയോടെ ശാസ്ത്ര മുദ്രാവാക്യങ്ങൾ എഴുതിയ പ്ളക്കാർഡും പിടിച്ചുകൊണ്ട് കലാകാരൻമാർ ജാഥയായി നേരെ സ്റ്റേജിലേയ്ക്കു കയറുന്നു. "യോഗസഹജമായി" സാധാരണ കേൾക്കാറുള്ള സ്വാഗത പ്രസംഗവും അധ്യക്ഷപ്രസംഗവും ഒന്നും കേൾവിക്കാരെ ശല്യപ്പെടുത്തുന്നില്ല. ജാഥമാനേജർ, ജാഥയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിവരിച്ചിട്ട് ആദ്യപരിപാടിയ്ക്കു കലാകാരൻമാരെ ക്ഷണിക്കുന്നു.
ഏതാനം ജാഥാംഗങ്ങൾ സ്റ്റേജിൽ നിന്ന്

"നാളെനേതാക്കളായ് മാറേണ്ടനിങ്ങൾക്ക്
കാലമമാന്തിച്ചു പോയില്ല..............."

എന്ന പ്രശസ്തമായ ഗാനം ആലപിച്ചു തുടങ്ങുന്നു. അപ്പോൾ തങ്ങളുടെ ഇടയ്ക്കു നിന്നും കേൾക്കുന്ന മുഴക്കം; തങ്ങൾക്കൂടി സംഘഗാനത്തിൽ പങ്കുചേരുന്നു എന്ന ബോധം പ്രേക്ഷകരിലുളവാക്കുന്നു. തങ്ങളുടെ ഇടയിൽ നിന്നും ഗാനമാലപിച്ചുകൊണ്ട് ജാഥാംഗങ്ങളിൽ ചിലർ സ്റ്റേജിലേയ്ക്കു നീങ്ങുമ്പോൾ തങ്ങളും ജാഥാംഗങ്ങളാണ് എന്ന തോന്നൽ പ്രേക്ഷകർക്കുണ്ടാവുന്നു.

ജാഥാംഗങ്ങൾ അവതരിപ്പിക്കുന്ന ഗാനങ്ങളെല്ലാം, അവയുടെ സന്ദേശവും, ഈണവും കൊണ്ട് കേൾവിക്കാരെ ആവേശഭരിതരാക്കുന്നു. ജാഥ സ്ഥലം വിട്ടാലും "ഹിററു സിനിമാഗാനങ്ങളെ വെല്ലാൻ" കഴിയുന്ന ഈ ശാസ്ത്രഗീതങ്ങളുടെ ഈരടികൾ അവരുടെ ചുണ്ടത്ത് തത്തിക്കളിക്കുന്നു.

(ശേഷം 18-ാം പേജിൽ)

# എ. കെ. പി. സി. ടി എ. വാർത്തകൾ

## സ്റ്റേററ് കൗൺസിൽ യോഗം

എ. കെ. പി. സി. ടി. എ. സ്റ്റേററ് കൗൺസിൽ 1981 ജനുവരി 3 ന് ഞായറാഴ്ച രാവിലെ 10.15ന് എറണാകുളം ഹോട്ടൽ എമ്പസിയിൽ കൂടുന്നു. പ്രവർത്തകസമിതി ജനുവരി 2ന് യോഗം ചേരും.

## അഡ്വൈസർക്ക് നിവേദനം

ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാണമെന്നാവശ്യപ്പെട്ടുകൊണ്ടും സ്വകാര്യകോളേജധ്യാപകർക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെൻറ് നുവദിക്കുക, ഹൗസിംഗ്സ്കീം എത്രയും പെട്ടെന്നു നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ടും എകെപിസിടിഎ പ്രതിനിധികൾ നവമ്പർ 18ന് അഡ്വൈസർ ചന്ദ്രഭാനുവിന് നിവേദനം നൽകി. പി. രവീന്ദ്രനാഥ്, ആർ. രവീന്ദ്രൻനായർ, ടി. ഗോപാലകൃഷ്ണൻ എന്നിവരാണ് നിവേദകസംഘത്തിലുണ്ടായിരുന്നത്.

## കോഴിക്കോട് ആർ. ഡി. ഡിയ്ക്ക് നിവേദനം

അപ്രൂവൽ തടസ്സങ്ങൾ നീക്കുക, ബില്ലുകൾ പാസ്സാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സംഘടനാപ്രതിനിധികൾ കോഴിക്കോട് ആർ. ഡി. ഡി.ക്ക് നവംമ്പർ 23 ന് നിവേദനം നല്കി. പി. രവീന്ദ്രനാഥ്, എൻ. എം. ജോസഫ്, ടി. ഗോപാലകൃഷ്ണൻ, നന്ദിയോട് രാമചന്ദ്രൻ എന്നിവർ ചേർന്നാണ് ആർ. ഡി. ഡി. യെ കണ്ടത്.

## ശ്രീകണ്ഠാപുരം കോളേജിൽ എ. കെ. പി. സി. ടി. എ. ബ്രാഞ്ച്

ഈ വർഷം പുതുതായി ആരംഭിച്ച ശ്രീകണ്ഠാപുരം എസ്. ഇ എസ്. കോളേജിൽ എ. കെ. പി. സി. ടി. എ. യുടെ ബ്രാഞ്ച് രൂപീകരിച്ചു. കോളേജിൽ ചേർന്ന യോഗത്തിൽ വെച്ച് കാലിക്കട്ട് യൂണിവേർസിററി സിൻഡിക്കേററ് മെമ്പർ പ്രൊഫ. വി. നാരായണൻകുട്ടി ബ്രാഞ്ചിൻെറ ഔപചാരികമായ ഉത്ഘാടനം നിർവ്വഹിച്ചു. സംഘടനയുടെ സംസ്ഥാന സെക്രട്ടറി പ്രൊഫ. എം. കെ. ചിണ്ടൻകുട്ടി ജില്ലാസെക്രട്ടറി ശ്രീ. ഇ. ദാമോദരൻ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. ബ്രാഞ്ചു ഭാരവാഹികളായി ശ്രീ. പി. വാസുദേവൻ (പ്രസിഡൻറ്) കെ. എൻ. ബാലകൃഷ്ണൻ നമ്പ്യാർ (സെക്രട്ടറി) സി. ചന്ദ്രൻ (ട്രഷാർ) എന്നിവരെതെരഞ്ഞെടുത്തു.

## കുന്നംകുളം കോളേജ്

കുന്നംകുളം ശ്രീ വിവേകാനന്ദാ കോളേജിൽ എ.കെ.പി.സി.ടി.എ.യുടെ പുതിയ ബ്രാഞ്ച് പ്രവർത്തനമാരംഭിച്ചു. സംഘടനയുടെ തൃശൂർ ജില്ലാപ്രസിഡൻറ് പ്രൊഫ. ടി.രാജനും, സെക്രട്ടറി പ്രൊഫ. ടി വി. ജയിംസും ബ്രാഞ്ചു രൂപീകരണ യോഗത്തിൽ പങ്കെടുത്തിരുന്നു.

## എ കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ വിജയിച്ചു

### പന്തളം കോളേജ്

പന്തളം എൻ. എസ്. എസ്. കോളേജ് കൗൺസിലിലേക്ക് നവംബർ 11-ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. യുടെ എല്ലാ സ്ഥാനാരത്ഥികളും വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. മാനേജുമെൻറിൻെറ 'അധ്യാപക സംഘടന' ദയനീയമായി പരാജയപ്പെട്ടു. എ. കെ. പി. സി ടി. എ. യ്ക്ക് പന്തളം ബ്രാഞ്ചിലുള്ള മെമ്പർഷിപ്പിൽ കൂടുതൽ വോട്ടുകൾ കിട്ടി.

പ്രൊഫ. പി. ആർ. ദാസ്, പ്രൊഫ. എം. കെ. ഗോപാലകൃഷ്ണപിള്ള, പ്രൊഫ. വി. എസ്. ശർമ്മ, പ്രൊഫ. ടി. കെ. സോമശേഖരൻപിള്ള, പ്രൊഫ. പി. എ. ശ്രീധരൻ നായർ എന്നിവരാണ് വമ്പിച്ച ഭൂരിപക്ഷം നേടി വിജയിച്ച എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ.

# ജില്ലകളിൽ നിന്ന്

## ആലപ്പുഴ

ജില്ലയിലൊട്ടാകെയുള്ള കോളേജുകളിൽ എ. കെ. പി. സി. ടി. എ. അംഗങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം വർദ്ധിച്ചു ചെങ്ങന്നൂരിൽ പുതുതായി തുടങ്ങിയ എസ്. എൻ. കോളേജിൽ സംഘടനയുടെ ബ്രാഞ്ചുണ്ടായി. ജില്ലാഭാരവാഹികൾ ജില്ലാസെക്രട്ടറിയുടെ നേതൃത്വത്തിൽ മിക്ക കോളേജുകളിലും ഒന്നിലധികം തവണ സന്ദർശിക്കുകയും പ്രവർത്തനം ഊർജിതപ്പെടുത്തുകയും ചെയ്തു. വെൽഫയർ ട്രസ്റ്റിൽ കൂടുതൽ അംഗങ്ങളെ ചേർക്കാനും, ജേർണൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിയ്ക്കാനും ഉള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

## കണ്ണൂർ

എ. കെ. പി. സി. ടി. എ. കണ്ണൂർ ജില്ലാ കൗൺസിലിന്റെ യോഗം 1981 ഡിസംബർ 6-ാം തീയതി കണ്ണൂർ വിചിത്ര ലോഡ്ജിൽ ചേർന്ന് ജില്ലയിലെ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തി. ജില്ലാപ്രസിഡണ്ട് പ്രൊഫ. കെ. ഇ. എ. പത്മനാഭൻ അദ്ധ്യക്ഷം വഹിച്ചു. ജില്ലാ സെക്രട്ടറി ഇ. ദാമോദരൻ, സംസ്ഥാന സെക്രട്ടറി പ്രൊഫ. എം. കെ. ചിണ്ടൻകുട്ടി എന്നിവർ പ്രവർത്തക സമിതി തീരുമാനങ്ങൾ വിശദീകരിച്ചു. ശ്രീമാൻമാർ ടി. എൻ. രാമൻപിള്ള, എ. പ്രതാപചന്ദ്രൻ നായർ, കെ. എച്ച്. സുബ്രഹ്മണ്യൻ, കെ. പി. ജയരാജൻ, വി. പി. രാമദാസ്, യു. ശശിധരൻ എം. പി. ജോസഫ്, കെ. ടി. ജോസഫ്, കെ. പി. രമേശ് ബോസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

യു. ജി. സി. സ്കെയിൽ പരിഷ്കരണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഡിസംബർ 15ന് AIFUCTO യുടെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി–കോളേജ് അധ്യാപകർ നടത്തുന്ന പണിമുടക്കു സമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അന്നേ ദിവസം എല്ലാ കോളേജുകളിലും പ്രതിഷേധദിനം ആചരിക്കാൻ യോഗം തീരുമാനിച്ചു.

സ്ഥലം മാററങ്ങൾക്ക് യുക്തമായ മാനദണ്ഡം ഉണ്ടാക്കുക, അന്യായമായ സ്ഥലം മാററങ്ങൾ റദ്ദ് ചെയ്യുക, അധ്യാപകരുടെ അപ്രൂവൽ സംബന്ധമായ കടലാസുകൾ കൃത്യസമയത്ത് തന്നെ യൂണിവേഴ്സിററിയിലേക്കയക്കുക എന്നീ ആവശ്യങ്ങളെ മുൻനിർത്തി 1982 ജനുവരി 16-ാം തീയതി കൊല്ലം എസ്. എൻ. ട്രസ്ററ് ആഫീസിനു മുന്നിലും, ജനുവരി 23-ാം തീയതി ചങ്ങനാശ്ശേരി എൻ. എസ്. എസ്. ആഫീസിനു മുന്നിലും നടത്താൻ നിശ്ചയിച്ച ഉപവാസ സത്യാഗ്രഹ സമരങ്ങൾ വിജയിപ്പിക്കാനാവശ്യമായ പരിപാടികൾ യോഗം ആവിഷ്കരിച്ചു. എസ്. എൻ, എൻ. എസ്, എസ് കോളേജുകളിലെ എല്ലാ അംഗങ്ങളും, മററു കോളേജുകളിൽ നിന്ന് കൗൺസിലർമാരും പരമാവധി മററംഗങ്ങളും ഈ സമരപരിപാടികളിൽ പങ്കെടുക്കണമെന്ന് നിശ്ചയിച്ചു.

ജില്ലയിലെ മെമ്പർഷിപ്പിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നതിൽ യോഗം സന്തോഷം രേഖപ്പെടുത്തി 24 ൽ നിന്നും മെമ്പർഷിപ്പ് ഒററയടിയ്ക്ക് 47 ആക്കി വർദ്ധിപ്പിച്ച നിർമ്മലഗിരി കോളേജ് ബ്രാഞ്ചിനെ, പ്രത്യേകിച്ചും അതിന്റെ സെക്രട്ടറി ശ്രീ. എം. പി. ജോസഫിനെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

ജില്ലായോഗത്തിൽ അവതരിക്കപ്പെട്ട കണക്കനുസരിച്ച് ഓരോ കോളേജിലേയും മെമ്പർഷിപ്പ് താഴെ കൊടുക്കുന്നു. ബ്രാക്കററിൽ കഴിഞ്ഞ വർഷത്തെ മെമ്പർഷിപ്പാണ്.

(ശേഷം 17-ാം പേജിൽ)

# പുതിയ അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ

കുട്ടമ്പേരൂർ മധുസൂദനൻ

സ്വകാര്യ കോളേജദ്ധ്യാപകർ ഇന്നും രണ്ടാം തരം പൗരന്മാരെന്നോണമാണ് പരിഗണിക്കപ്പെട്ടുകാണുന്നത്. അവർ മൂന്നു യജമാനൻമാരുടെ വിടുപണി ചെയ്യേണ്ടുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. നിയമനം, സ്ഥലം മാററം, ഇൻക്രിമെൻറ്, പ്രമോഷൻ ഇത്യാദി നടത്തുന്നത് മാനേജുമെൻറ്. അവയ്ക്ക് അംഗീകാരമേകാൻ യൂണിവേഴ്സിററി. പിന്നെ അതു കൺകർ ചെയ്യാൻ സർക്കാരും. സമയം അനുവദിക്കുമ്പോഴൊക്കെ ത്തന്നെ ഈ മൂന്നു യജമാനൻമാരുടെ ആഫീസുകൾ കയറിയിറങ്ങുകയാണ് സ്വകാര്യ കോളേജ് അദ്ധ്യപകർ മനസ്സിനിണങ്ങിയ ജോലി. പക്ഷെ ശമ്പളം കിട്ടുവാൻ ഭഗീരഥപ്രയത്നം വേണം. എല്ലാമാസവും കൃത്യമായി ശമ്പളം പററുന്നവർ അംഗുലീപരിമിതമാണ്. നിയമനം കിട്ടിയിട്ട് രണ്ടും മൂന്നും വർഷങ്ങൾ കഴിഞ്ഞാണ് ശമ്പളം കിട്ടുക! സർക്കാർ പ്രതിനിധിയും, സർവ്വകലാശാലാ പ്രതിനിധിയും ഉൾപ്പെടുന്ന ബോർഡു തിരഞ്ഞെടുക്കുന്ന അദ്ധ്യാപകൻെറ സ്ഥിതിയാണിത് !! നിയമനത്തിന് അംഗീകാരം ലഭിക്കുമ്പോഴേക്കും പ്രമോഷൻ തീയതി കഴിഞ്ഞിരിക്കും. കൂടാതെ കോർപറേററു മാനേജുമെൻറാണെങ്കിൽ അന്തർസർവ്വകലാശാല സ്ഥലം മാററങ്ങൾ വരെ നടത്തിയിരിക്കും. പിന്നെ രണ്ടുവർഷത്തെ 'തുടർച്ചയായ സജീവ സേവനം' നടത്തിയെന്നു അധികൃതരെ ബോദ്ധ്യപ്പെടുത്തുവാനുള്ള ബാദ്ധ്യത അദ്ധ്യാപകനാണ്. അതിനുവേണ്ടി നെട്ടോട്ടം നടത്തും. ഇതാ ഒരു നല്ല ദൃഷ്ടാന്തം:

ശ്രീ. ജി. മധുകുമാർ എം.എസ്സി. (മറൈൻബയോളജി) റാങ്കോടുകൂടി പാസ്സായി 1979ൽ ജോലിക്കപേക്ഷിച്ചു. എൻ എസ്. എസ് കോർപറേററു മാനേജുമെൻറ് നടത്തിയ ഇൻറർവ്യൂവിൽ അദ്ദേഹത്തിന് റാങ്ക്ലിസ്റ്റിൽ സ്വാഭാവികമായും ഒന്നാമനാകാൻ സാധിച്ചു. ഫെബ്രുവരിമാസത്തിൽ മട്ടന്നൂർ പഴശിരാജാ (കോഴിക്കോട് സർവകലാശാല) കോളേജിൽ അദ്ദേഹത്തെ നിയമിച്ചു. നിയമനം ലീവുവേക്കൻസിയിലായിരുന്നു. താഴെയുള്ള റാങ്കുകാരെ പെർമനൻറു വേക്കൻസികളിലും നിയമിച്ചു! അപ്രൂവലിനു വേണ്ടി ശ്രമങ്ങൾനടന്നു. അപ്പോഴാണ് ശ്രീ മധുകുമാറിൻെറ വിഷയം. മറൈൻ ബയോളജിയാണെന്നുള്ള അധികൃതരുടെ കണ്ടുപിടിത്തം. അദ്ദേഹത്തിന് അംഗീകാരം കൊടുക്കാതിരിക്കുവാനുള്ള നിയമവശങ്ങൾ അധികൃതർ ശ്രദ്ധിച്ചു തുടങ്ങി. ഈ സങ്കീർണ്ണാവസ്ഥയിൽ മാനേജുമെൻറിനൊരു രസം! മധുകുമാറിനെ കേരള സർവ്വകലാശാലയുടെ പരിധിയിലുള്ള പന്തളം എൻ. എസ്. എസ്. കോളേജിലേക്കു മാററുന്നു. സംഘടനയുടെ ശ്രമഫലമായി അദ്ദേഹത്തിൻെറ വിഷയത്തിനും, നിയമനത്തിനും അംഗീകാരം നേടുവാൻസാധിച്ചു. ഈ അധ്യാപകന് കൺകറൻസു കിട്ടി ശമ്പളം പററുവാൻ അങ്ങനെ നെ രണ്ടു വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു! പ്രമോഷനുള്ള സമയവുമായി.

പ്രമോഷനുള്ള കടലാസുകൾ അയച്ചപ്പോഴാണ് അടുത്ത പ്രശ്നം. പഴശ്ശിരാജാകോളേജിൽ ലീവു വേക്കൻസിയിൽ ഫെബ്രുവരിയിൽ നിയമനം നടന്നതുകൊണ്ട് 1979 ഏപ്രിൽ മെയ് മാസങ്ങളിലെ ശമ്പളം കുടിശ്ശിക എണ്ണമ്പോൾ കണ്ടില്ല! അതായത് ഫലത്തിൽ സർവ്വീസ് ബ്രേക്ക്. ഇതു മൂലം കേരള യൂണിവേഴ്സിററി പറഞ്ഞു, മധുകുമാറിൻെറ "തുടർച്ചയായ സജീവ സേവനം" ആരംഭിക്കുന്നത് 1979 ജൂൺ മുതൽക്കാണ്. അതുകൊണ്ടു പ്രമോഷൻ ഡേററ് 1981 ഫെബ്രുവരിയിലല്ല ജൂണിലാണെന്ന്!! പോരേ പൂരം !!!

(ശേഷം 19 - ാംപേജിൽ)

# എ.കെ. പി. സി. ടി. എ. പ്രവർത്തക സമിതി

പ്രവർത്തകസമിതിയുടെ നാലാമത്ത് യോഗം 1981 നവംബർ 22-ന് കോഴിക്കോട്ട് മലബാർ ക്രിസ്ത്യൻ കോളേജിൽ വച്ച് പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു.

കഴിഞ്ഞ പ്രവർത്തകസമിതിയോഗത്തിനു ശേഷമുള്ള പ്രവർത്തനം വിലയിരുത്തി. ഗവർണ്ണറുടെ ഉപദേഷ്ടാവിനെ കണ്ട് മെമ്മോറാണ്ഡം നല്കുകയും ചർച്ചനടത്തുകയും ചെയ്ത വിവരം പ്രസിഡൻറ് റിപ്പോർട്ടുചെയ്തു. അടുത്ത പടിയായി രാജ്ഭവനുമുൻപിൽ ഒരു ദിവസത്തെ ഉപവാസ സത്യാഗ്രഹം നടത്തണമെന്ന് സംയുക്ത സമരസമിതിയോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

ഡപ്യൂട്ടിഡയറക്ടരാഫിസുകളിൽ അദ്ധ്യാപകർ ഇന്നനുഭവിക്കുന്ന പ്രയാസങ്ങൾ പല അംഗങ്ങളും ഉന്നയിച്ചു. കൂടുതൽ പ്രശ്നങ്ങളുള്ള കൊല്ലം കോഴിക്കോട് ആഫീസറന്മാർക്ക് ഉടൻതന്നെ മെമ്മോറാണ്ഡങ്ങൾ നല്കുന്നതിനും ഈ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് വിളിക്കാമെന്നേററ കോൺഫ്രൻസ് ഉടൻ വിളിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയക്ടറോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

N. S. S, S. N. Co - ordination Councilുകളുടെ തീരുമാനങ്ങൾ അംഗീകരിച്ചു കൊണ്ട്, അന്യായമായ സ്ഥലം മാററങ്ങളിൽ പ്രതിഷേധിക്കുന്നതിനും സ്ഥലം മാററങ്ങൾക്ക് ന്യായമായ മാനദണ്ഡങ്ങൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നതിനും S. N. Trust Office ന് മുൻപിൽ 16-1-81 നും N. S. S. Head Office ന് മുൻപിൽ 231-82 നും ഓരോ ദിവസത്തെ ഉപവാസ സത്യാഗ്രഹം നടത്തുന്നതാണ്. N. S. S, S N. കോളേജുകളിലെ എല്ലാ അംഗങ്ങളും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം യൂണിററുകളിലെ അംഗങ്ങളും മററ് ജില്ലകളിൽ നിന്നുള്ള കൗൺസിൽ അംഗങ്ങളും ഈ സത്യഗ്രഹങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

സംഘടനയ്ക്ക് ഒരു മഹിളാ വിഭാഗം രൂപീകരിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനു വേണ്ടി വനിതാപ്രവർത്തകരുടെ ഒരു യോഗം ജനുവരിയിൽ എറണാകുളത്ത് ചേരുന്നതാണ്. കൂടുതലാളുകളെ പങ്കെടുപ്പിക്കുവാൻ ജില്ലാസെക്രട്ടറിമാരും ബ്രാഞ്ചു സെക്രട്ടറിമാരും പരിശ്രമിക്കേണ്ടതാണ്.

ഇനിയും അംഗത്വഫീസ് അടയ്ക്കു അവർ തീർച്ചയായും ഡിസംബർ 10—ന് മുൻപായി അടയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ വർഷം ആരംഭിച്ച കോളേജുകളിൽ യൂണിററുകൾ ആരംഭിക്കുന്നതിന് അതാതു സ്ഥലങ്ങളിലെ ജില്ലാസെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

## ക്ഷേമനിധി

ക്ഷേമനിധിയുടെ സർട്ടിഫിക്കററുകൾ എഴുതി പൂർത്തിയാക്കുന്നതിന് എല്ലാവരും സ്ഥിര വിലാസം നല്കാത്തതുകൊണ്ട് സാധിക്കാതെയാണിരിക്കുന്നതെന്ന് ജനറൽ സെക്രട്ടറി റിപ്പോർട്ടുചെയ്തു. എല്ലാ വിവരങ്ങളും പൂർണ്ണമായിട്ടുള്ള അപേക്ഷകരുടെ സർട്ടിഫിക്കേററുകൾ താമസിയാതെ എത്തിച്ചുകൊടുക്കുന്നതാണ്.

അടുത്ത മൂന്നാളുകൾക്കുകൂടി (ആകെ ആറ്) ക്ഷേമനിധി വിതരണം ചെയ്യുന്ന വിവരം അറിയിക്കുവാൻ അതിയായ സന്തോഷമുണ്ട്.

വക്കല S. N. കോളേജിലെ അദ്ധ്യാപകനായിരുന്ന പ്രൊഫ: എൻ. വാസുപിള്ളയുടെ അവകാശികൾക്ക് 14-12-82 ന് കൊല്ലം S. N. കോളേജിൽ വച്ച് കേരള സർവ്വകലാശാലയുടെ പ്രൊ— വൈസ്ചാൻസലർ Dr. എൻ. എ. കരീമും, ആലപ്പുഴ S. D. കോളേജിലെ അദ്ധ്യാപകനായിരുന്ന പ്രൊഫ: എം. എൻ. പോററിയുടെ അവകാശികൾക്ക് പ്രസ്തുത കോളേജിൽ വച്ച് 5-1-1982 ൽ കേരള സർവ്വകലാശാലാ വൈസ്ചാൻസലർ Dr. എ. വി. വർഗീസും കണ്ണൂർ S. N. കോളേജിലെ

(ശേഷം 16-ാം പേജിൽ)

GOVERNMENT OF KERALA

**Abstract**

Allowance -- Dearness Allowance—Revision of—Orders Issued

FINANCE (P. R. U.) DEPARTMENT

G. O. (P) No. 808/81/Fin. Dated, Trivandrum, 30th November, 1981.

*Read:* 1. G. O. (P) 456/79(41)/Fin. dated 5-5-1979.
2. G. O. (P) 536/79(66)/Fin. dated 12-6-1979.
3. G. O. (P) 563/81Fin. dated 31-8-1981.

ORDER

Government are pleased to order, that the rates of Dearness Allowance sanctioned in the G. O. read as third paper above will be revised with effect from 1st April, 1981 as shown in the Annexure.

2. In the case of those who remain in the pre-revision (1978) scales of pay, the amount of Dearness Allowance will be calculated as already ordered in the G, O. read as second paper above, the rates of Dearness Allowance admissible for increase in the cost of living index beyond 272 points, being replaced by the rates specified in the Annexure to this order.

3. The rates af Dearness Allowance of Part-time teachers and Part-time employees sanctioned in the G. O. read as third paper above will also be revised as follows:

| *Categories* | *Existing rate per mensem* | *Revised rate per mensem with effect from 1-4-1981* |
|---|---|---|
| (1) | (2) | (3) |
| | Rs. | Rs. |
| Part-time teachers | 76 | 82 |
| Part-time Contingent Employees whose area of work is below 200 Sq. metres | 52 | 56 |
| Part-time Contingent Employees whose area of work is 200 Sq. metres and above and also those who were getting a total remuneration of Rs. 136 to Rs. 146 p. m. till 30-6-1980. | 60 | 64 |

4. These orders will apply to the fullt-ime State Government employees, staff of Aided Schools, Private Colleges and Polytechnics, full-time employees, borne on contingency and work charged establishments and employees of local bodies, subject to the condition that the expenditure on this account in respect of local bodies, will be met from the funds of the respective local bodies.

5. In the G. O. read as third paper above, the State Service Pensioners were allowed Dearness Allowance at 37.5% of their pension subject to a minimum of Rs. 38 and a maximum of Rs. 188 per mensem with effect from 1-2-1981. Government are now pleased to order that the State Service Pensioners will be allowed Dearness Allowance at 40% of their pension subject to a minimum of Rs. 40 and a maximum of Rs. 200 per mensem with effect from 1-4-1981. The increase in Dearness Allowance now allowed will be applicable to the Family Pensioners and such other pensioners to whom the orders contained in the G. O. read as first paper above were extended.

6. The minimum pension inclusive of Dearness Allowance will be Rs. 125 and the minimum family pension inclusive of Dearness Allowance will be Rs. 100 with effect from 1-4-1981.

By order of the Governor,

S. Padmakumar,
*Commissioner and*
*Special Secretary (Finance).*

To

All Heads of Departments and Offices.
All Departments (All Sections) of the Secretariat.
The Accountant General, Kerala. Trivandrum.
The Secretary, Kerala Public Service Commission (with C. L.)
The Registrars, University of Kerala/Cochin/Calicut (with C. L.)
The Registrar, Kerala Agricultural University, Trichur (with C. L.)
The General Manager, Kerala State Road Transport Corporation Trivandrum (with C.L.)-
The Secretary, Kerala State Electricity Board, Trivandrum (with C. L.)
The Registrar of High Court, Ernakulam (with C. L.)
All Secretaries, Additional Secetaries, Joint Secretaries. Deputy Secreraries and Under Secretaries to Government.
The Secretary to Governor.
The Private Secretaries to the Advisers.
The Under Secretary to the Chief Secretary.

# ANNEXURE

| Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-4-1981 | Pay in the revised scale sanctioned with effect from 1-7-1981 | Amount of D. A. sanctioned with effect from 1-4-1981 | Pay in the revised scale sanctioned with effect from 1-7-1978 | Amonnt of D. A. sanctioned with effect from 1-4-1981 | Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-4-1981 |
|---|---|---|---|---|---|---|---|
| (1) | (2) | (1) | (2) | (1) | (2) | (1) | (2) |
| Rs. | Rs. | Rs. | Rs. | Rs. | Rs. | Rs. | Rs. |
| 280–282 | 127 | 361–363 | 164 | 455–456 | 201 | 635–643 | 238 |
| 283– | 128 | 364–366 | 165 | 457–459 | 202 | 644–650 | 239 |
| 284–286 | 129 | 367– | 166 | 460–461 | 203 | 651–659 | 240 |
| 287–288 | 130 | 368–370 | 167 | 462–464 | 204 | 660–667 | 241 |
| 289–290 | 131 | 371– | 168 | 465–466 | 205 | 668–674 | 242 |
| 291–292 | 132 | 372–374 | 169 | 467–469 | 206 | 675–679 | 243 |
| 293–294 | 133 | 375–377 | 170 | 470–471 | 207 | 680–682 | 244 |
| 295–296 | 134 | 378– | 171 | 472–474 | 208 | 683–685 | 245 |
| 297–299 | 135 | 379–381 | 172 | 475–476 | 209 | 686–687 | 246 |
| 300–301 | 136 | 382–484 | 173 | 477–479 | 210 | 688–690 | 247 |
| 302–303 | 137 | 385– | 174 | 480–481 | 211 | 691–693 | 248 |
| 304–306 | 138 | 386–388 | 175 | 482–484 | 212 | 694–696 | 249 |
| 307– | 139 | 389– | 176 | 485–486 | 213 | 697–699 | 250 |
| 308–310 | 140 | 390–392 | 177 | 487–489 | 214 | 700–701 | 251 |
| 311– | 141 | 393–394 | 178 | 490–491 | 215 | 702–704 | 252 |
| 312–314 | 142 | 395–396 | 179 | 492–494 | 216 | 705–707 | 253 |
| 315–317 | 143 | 397–398 | 180 | 495–496 | 217 | 708–710 | 244 |
| 318– | 144 | 399–401 | 181 | 497–499 | 218 | 711–712 | 255 |
| 319–321 | 145 | 402–409 | 182 | 500–501 | 219 | 713–715 | 256 |
| 322–324 | 146 | 410–411 | 183 | 502–504 | 220 | 716–718 | 257 |
| 325– | 147 | 412–414 | 184 | 505–506 | 221 | 719–721 | 258 |
| 326–328 | 148 | 415–416 | 185 | 507–511 | 222 | 722–724 | 259 |
| 329–330 | 149 | 417–419 | 186 | 512–519 | 223 | 725–726 | 260 |
| 331–332 | 150 | 420–421 | 187 | 520–527 | 224 | 727–729 | 261 |
| 333–335 | 151 | 422–424 | 188 | 528–536 | 225 | 730–732 | 262 |
| 336– | 152 | 425–426 | 189 | 537–544 | 226 | 733–735 | 263 |
| 337–339 | 153 | 427–429 | 190 | 545–552 | 227 | 736–738 | 264 |
| 340–341 | 154 | 430–431 | 191 | 553–560 | 228 | 739–740 | 265 |
| 342–343 | 155 | 432–434 | 192 | 561–569 | 229 | 741–743 | 266 |
| 344–345 | 156 | 435–436 | 193 | 570–577 | 230 | 744–745 | 267 |
| 346–348 | 157 | 437–439 | 194 | 578–584 | 231 | 746–748 | 268 |
| 349–350 | 158 | 440–441 | 195 | 585–593 | 232 | 749–752 | 269 |
| 351–352 | 159 | 442–444 | 196 | 594–601 | 233 | 753–754 | 270 |
| 353–354 | 160 | 445–446 | 197 | 602–610 | 234 | 755–757 | 271 |
| 355–356 | 161 | 447–449 | 198 | 611–617 | 235 | 758–759 | 272 |
| 357–359 | 162 | 450–451 | 199 | 618–626 | 236 | 760–762 | 273 |
| 360– | 163 | 452–454 | 200 | 627–634 | 237 | 763–766 | 274 |

| (1) | (2) | (1) | (2) | (1) | (2) | (1) | (2) |
|---|---|---|---|---|---|---|---|
| Rs | Rs | Rs. | Rs. | Rs. | Rs. | Rs. | Rs. |
| 767–768 | 275 | 895–897 | 321 | 1026–1029 | 367 | 1195–1197 | 413 |
| 769–771 | 276 | 898–899 | 322 | 1030–1033 | 368 | 1198–1201 | 414 |
| 772–773 | 277 | 900–902 | 323 | 1034–1036 | 369 | 1202–1204 | 415 |
| 774–776 | 278 | 903–906 | 324 | 1037–1040 | 370 | 1205–1207 | 416 |
| 777–780 | 279 | 907–908 | 325 | 1041–1044 | 371 | 1208–1211 | 417 |
| 781–782 | 280 | 909–911 | 326 | 1045–1048 | 372 | 1212–1214 | 418 |
| 783–785 | 281 | 912–913 | 327 | 1049–1052 | 373 | 1215–1217 | 419 |
| 786–787 | 282 | 914–916 | 329 | 1053–1055 | 374 | 1218–1221 | 420 |
| 788–790 | 283 | 917–919 | | 1056–1059 | 375 | 1222–1224 | 421 |
| 791–794 | 284 | 920–922 | 330 | 1060–1063 | 376 | 1225–1227 | 422 |
| 795–796 | 285 | 923–925 | 331 | 1064–1067 | 377 | 1228–1231 | 423 |
| 797–799 | 286 | 926–927 | 332 | 1068–1071 | 378 | 1232–1234 | 424 |
| 800–801 | 287 | 928–930 | 333 | 1072–1074 | 379 | 1235–1237 | 425 |
| 802–804 | 288 | 931–933 | 334 | 1075–1078 | 380 | 1238–1241 | 426 |
| 805–808 | 289 | 934–936 | 335 | 1079–1082 | 381 | 1242–1243 | 427 |
| 809–810 | 290 | 937–939 | 336 | 1083–1086 | 382 | 1244 | 426 |
| 811–813 | 291 | 940–941 | 337 | 1087–1090 | 383 | 1245 | 425 |
| 814–815 | 292 | 942–944 | 338 | 1091–1093 | 384 | 1246 | 424 |
| 816–818 | 293 | 945–947 | 439 | 1094–1097 | 385 | 1247 | 423 |
| 819–822 | 294 | 948–950 | 340 | 1098–1102 | 386 | 1248 | 422 |
| 823–824 | 295 | 951–953 | 341 | 1103–1106 | 387 | 1249 | 421 |
| 825–827 | 296 | 954–955 | 342 | 1107–1110 | 388 | 1250 | 420 |
| 828–829 | 297 | 956–958 | 343 | 1111–1114 | 339 | 1251 | 419 |
| 830–832 | 298 | 959–961 | 344 | 1115–1118 | 390 | 1252 | 418 |
| 833–836 | 299 | 962–964 | 345 | 1119–1121 | 391 | 1253 | 417 |
| 837–838 | 300 | 965–966 | 346 | 1122–1125 | 392 | 1254 | 416 |
| 839–841 | 301 | 967–969 | 347 | 1126–1129 | 393 | 1255 | 415 |
| 842–843 | 302 | 970–972 | 348 | 1130–1133 | 394 | 1256 | 414 |
| 844–846 | 303 | 973–975 | 349 | 1134–1137 | 395 | 1257 | 413 |
| 847–850 | 304 | 976–978 | 350 | 1138–1140 | 396 | 1258 | 412 |
| 851–852 | 305 | 979–980 | 351 | 1141–1144 | 397 | 1259 | 411 |
| 853–855 | 306 | 981–983 | 352 | 1145–1147 | 398 | 1260 | 410 |
| 856–857 | 307 | 984–986 | 353 | 1148–1151 | 399 | 1261 | 409 |
| 858–860 | 308 | 987–989 | 354 | 1152–1154 | 400 | 1262 | 408 |
| 861–864 | 309 | 990–992 | 355 | 2155–1157 | 401 | 1263 | 407 |
| 865–866 | 310 | 993–994 | 356 | 1158–1161 | 402 | 1264 | 406 |
| 867–869 | 311 | 995–997 | 357 | 1162–1164 | 403 | 1265 | 405 |
| 870–871 | 312 | 998–999 | 358 | 1165–1167 | 404 | 1266 | 404 |
| 872–874 | 313 | 1000–1002 | 359 | 1168–1171 | 405 | 1267 | 403 |
| 875–878 | 314 | 1003–1006 | 360 | 1172–1174 | 406 | 1268 | 402 |
| 879–880 | 315 | 1007–1008 | 361 | 1175–1177 | 407 | 1269 | 401 |
| 881–883 | 316 | 1009–1011 | 362 | 1178–1181 | 408 | 1270 | 400 |
| 884–885 | 317 | 1012–1013 | 363 | 1182–1184 | 409 | 1271 | 399 |
| 886–888 | 318 | 1014–1017 | 364 | 1185–1187 | 410 | 1272 | 398 |
| 889–892 | 319 | 1018–1021 | 365 | 1188–1191 | 411 | 1273–2750 | 397 |
| 893–894 | 320 | 1022–1025 | 366 | 1192–1194 | 412 | (inclusive) | |

(11-ാം പേജിന്റെ തുടർച്ച)

അദ്ധ്യാപികയായിരുന്ന ആർ സതിയുടെ അവകാശികൾക്ക് 18-1-82 ൽ കണ്ണൂർ S. N. കോളേജിൽ വച്ച് കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറും ക്ഷേമനിധി വിതരണം ചെയ്യുന്നതാണ്.

ക്ഷേമനിധിയുടെ ബോർഡിലേയ്ക്ക് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരെ കൂടാതെ വൈസ് പ്രസിഡന്റുമാരായ പ്രൊഫ: കെ. രാമചന്ദ്രൻ, ശ്രീ. ഡി. നാരായണൻകുട്ടി സെക്രട്ടറിമാരായ പ്രൊഫ: ആർ. രവീന്ദ്രൻനായർ, ശ്രീ. എം. കെ. ചിണ്ടൻകുട്ടി, പ്രൊഫ: ടി ഗോപാലകൃഷ്ണൻ, പ്രൊഫ: വി. നാരായണൻകുട്ടി എന്നിവരെയും നോമിനേററു ചെയ്യുന്നതിന് തീരുമാനിച്ചു.

## A. I. F. U. C. T. O.

AIFUCTO ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും കേന്ദ്രസർക്കാരിനു ഒരു മെമ്മോറാണ്ഡം സമർപ്പിക്കുന്നതിനുള്ള അവസരംപോലും AIFUCTO പ്രതിനിധികൾക്ക് നിഷേധിച്ച കേന്ദ്ര ഗവ: ന്റെ നിഷേധാത്മക നയത്തിൽ പ്രതിഷേധിക്കുന്നതിനും വേണ്ടി 15.12.81 പ്രതിഷേധദിനമായി ആചരിക്കണം. 15-12-81 ന് ദേശീയ പണിമുടക്കിനാണ് AIFUCTO ആഹ്വാനം ചെയ്തിരിക്കുന്നതെങ്കിലും, മററ് രീതികളിൽ ഈ ദിനം ആചരിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്) അന്നേ ദിവസം ബ്രാഞ്ച് യോഗം ചേരുകയും AIFUCTO ചാർട്ടർ ഓഫ് ഡിമാൻറ്സ് എല്ലാവരും ഒപ്പിട്ട് പ്രധാനമന്ത്രിക്ക് അയച്ചുകൊടുക്കുകയും വേണം. Charter of Demands ഈ സർക്കുലറിന്റെ കൂടെ അയച്ചിട്ടുണ്ട്. യൂണിററ് സെക്രട്ടറിമാർ എല്ലാ അംഗങ്ങളെക്കൊണ്ടും ഒപ്പിടുവിച്ച് പ്രധാനമന്ത്രിക്ക് അയക്കണം. Use additional Sheets if necessary)

കോഴിക്കോട്, മലപ്പുറം ജില്ലാകമ്മിററികൾക്ക് ഈ ഡിസംബർ 12,-13 തീയതികളിൽ Work shop - ഉം Camp - ഉം നടത്തുവാൻ പ്രവർത്തകസമിതി അനുവാദം നല്കി. കൂടാതെ ഫെബ്രുവരി മാസത്തിൽ ഉത്തര ദക്ഷിണമേഖലകളിൽവച്ച് ഓരോ സെമിനാറുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സംയുക്തസമരസമിതിയിലേയ്ക്ക് പ്രൊഫ: എൻ ഭാർഗ്ഗവൻ, പ്രൊഫ: ടി. ഗോപാലകൃഷ്ണൻ, പ്രൊഫ: വി. നാരായണൻകുട്ടി എന്നിവരെ കൂടി നോമിനേററുചെയ്യുവാൻ തീരുമാനിച്ചു

ജേർണലിന്റെ പത്രാധിപസമിതിയിലേയ്ക്ക് ജനറൽസെക്രട്ടറിയെ നോമിനേററുചെയ്തു.

സിൻഡിക്കേററ് അജണ്ടാചർച്ചചെയ്യുന്നതിനുള്ള കമ്മററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി കമ്മററികൾ രൂപീകരിച്ചു.

കേരളസർവ്വകലാശല — പ്രൊഫ: ടി. ഗോപാലകൃഷ്ണൻ (കൺവീനർ) പ്രൊഫ: പി. രവീന്ദ്രനാഥ്, പ്രൊഫ: എൻ. എം. ജോസഫ് പ്രൊഫ: ആർ രവീന്ദ്രൻനായർ

കോഴിക്കോട് സർവ്വകലാശാല—പ്രൊഫ. R. R. C. നായർ, പ്രൊഫ: വി. നാരായണൻകുട്ടി, പ്രൊഫ: എൻ. ഭാർഗ്ഗവൻ, ശ്രീ. എം. കെ. ചിണ്ടൻകുട്ടി.

താഴെപറയുന്ന പ്രമേയങ്ങൾ പ്രവർത്തകസമിതി അംഗീകരിച്ചു.

. ഡി. എ. കുടിശിക കോളേജ് അദ്ധ്യാപകർ ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാന ജീവനക്കാർക്കും ഉടൻ നല്കണമെന്ന് കേരളാ ഗവ: നോട് അഭ്യർത്ഥിച്ചു.

കോഴ കൊടുക്കുന്നവർക്കും മാനേജ്മെന്റിന് പ്രത്യേക താല്പര്യമുള്ളവർക്കും മാത്രം ദീർഘകാലാവധി അനുവദിക്കുന്ന ഇന്നത്തെ രീതി അവസാനിക്കണമെന്നും അവധി അപേക്ഷിക്കുന്ന എല്ലാ അദ്ധ്യാപകർക്കും അവധി അനുവധിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും യോഗം അധികാരികളോട് അഭ്യർത്ഥിച്ചു.

പുതുതായി ആരംഭിച്ച കോളേജുകളിലെ അദ്ധ്യാപകർക്ക് ഉടൻ വേതനം ലഭിക്കുന്നതിന് വേണ്ട നടപടികൾ സത്വരമായിസ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

1958-ന് മുൻപ് സ്ക്കൂൾ സർവ്വീസിൽ പ്രവേശിക്കുകയും അതിനുശേഷം കാളേജ് സർവ്വീസിൽ പ്രവേശിക്കുന്നതിനിടയിൽ Service break ഉള്ളവർക്ക് അതു condone ചെയ്ത് 60 വയസ്സ് opt ചെയ്യുന്നതിന് അനുവദിക്കണമെന്ന പ്രമേയം സമിതി അംഗീകരിച്ചു.

കണ്ണൂർ S. N കോളേജിൽ മാനേജ്മെന്റും പ്രിൻസിപ്പാളും വകുപ്പുമേധാവികളും ചേർന്ന് പ്രതികാരബുദ്ധിയോടുംകൂടി നടത്തുന്ന സ്ഥലംമാററങ്ങളിൽ പ്രവർത്തകസമിതി ശക്തിയായി പ്രതിഷേധിക്കുകയും ഇത്തരം സ്ഥലംമാററ ഉത്തരവുകൾ റദ്ദാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

നിയമനാംഗീകാരത്തിനുള്ള കാലതാമസം കുററകരമായി തുടരുന്നതിൽ പ്രവർത്തകസമിതി അമർഷം രേഖപ്പെടുത്തി.

കുന്നംകുളം വിവേകാനന്ദകോളേജിലെ സിനിയോരിററി മറികടന്നുള്ള പ്രിൻസിപ്പാൾ നിയമത്തിന് അംഗീകാരം കൊടുക്കരുതെന്ന് കോഴിക്കോട് സർവ്വകലാശാലാധികൃകരോട് അഭ്യത്ഥിച്ചു.

അഭിവാദനങ്ങളോടെ
പ്രൊഫ: എൻ. എം. ജോസഫ്
ജനറൽ സെക്രട്ടറി.

(9-ാം പേജിൻെറ തുടർച്ച)

## ജില്ലകളിൽ നിന്ന്

| | | | |
|---|---|---|---|
| 1. നെഹ്റു കോളേജ്, കാഞ്ഞങ്ങാട് | - | 37 | (30) |
| 2. പയ്യന്നൂർ കോളേജ് | - | 49 | (44) |
| 3. എസ്.എസ്. കോളേജ് തളിപ്പറമ്പ് | - | 61 | (51) |
| 4. എസ്.ഇ.എസ്. കോളേജ് ശ്രീകണ്ഠാപുരം | - | 6 | (–) |
| 5. എസ്.എൻ. കണ്ണൂര് | - | 58 | (51) |
| 6. നിർമ്മലഗിരി, കൂത്തുപറമ്പ് | - | 47 | (24) |
| 7. പി. ആർ.എൻ.എസ്. എസ്. മട്ടന്നൂർ | - | 46 | (39) |

വെൽഫയർ ട്രസ്ററിൽ പരമാവധി അംഗങ്ങളെ ചേർക്കാനും, ജേർണലിന് കൂടുതൽ വരിക്കാരെ ചേർക്കാനും യോഗം തീരുമാനമെടുത്തു.

## എറണാകുളം

## സംയുക്ത സമരസമിതി

ജില്ലയിലെ എ. കെ. പി. സി. ടി. എ- എ കെ. ജി. സി. ടി. പ്രവർത്തകരുടെ ഒരു യോഗം ആലുവ അരോമ ടൂറിസ്ററ് ഹോമിൽ ചേരുകയുണ്ടായി. ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കി കിട്ടാനുള്ള സമരപരിപാടികൾ വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു. സംയുക്ത സമരസമിതിയുടെ പുതിയ ജില്ലാ ഭാരവാഹികളേയും യോഗം തെരഞ്ഞെടുത്തു. പ്രൊഫ. കെ. കെ. രാമകൃഷ്ണനാണ് കൺവീനർ, പ്രൊഫ. പി. എ. സെബാസ്ററ്യൻ ജോയിൻറ് കൺവീനറും. പത്തംഗങ്ങൾ സമിതിയിലുണ്ട്.

## എ. കെ. പി. സി ടി. എ.

ജില്ലയിലെ സംഘടനാ പ്രവർത്തനം ഊർജിതപ്പെടുത്താൻ ജില്ലാ കമ്മിററിയോഗം തീരു മാനിച്ചു. ഇതിനായി ജില്ലാ സെക്രട്ടറി യു സി. കോളേജ്, സെൻറ് സേവിയേഴ്സ് കോളേജ്, കൊച്ചിൻ കോളേജ്, സെൻറ് ആൽബർട്ട്സ് കോളേജ്, തേവര കോളേജ്, ശ്രീ ശങ്കരാ കോളേജ്, സെൻറ് പോൾസ്, കോളേജ്, സെൻറ് പിറേറഴ്സ് കോളേജ് എന്നിവിടങ്ങൾ സന്ദർശിച്ചു. സെൻറ് അക്വിനാസ് കോളേജ്, സെൻറ് തെരീസാസ് കോളേജ് എന്നിവിടങ്ങളിൽ എ. കെ. പി. സി. ടി. എ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകളും നടത്തി. ○

---

## അഖിലേന്ത്യാപണിമുടക്ക് വമ്പിച്ച വിജയം

ശമ്പളപരിഷ്കരണം, ജോലിസുരക്ഷിതത്വം തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കാനായി ഐഫക്ടോ ആഹ്വാനം ചെയ്തിരുന്ന ഡിസംബർ 15 ൻെറ അഖിലേന്ത്യാ പണിമുടക്ക് വമ്പിച്ച വിജയമായിതന്നു. മഹാരാഷ്ട്ര, തമിഴ്നാട്, ഗുജറാത്ത്, ഗോവ, എന്നിവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകളനുസരിച്ച് ഈ സംസ്ഥാനങ്ങളിലെ മുഴുവൻ കോളേജുകളും അന്ന് അടഞ്ഞു കിടന്നു. മഹാരാഷ്ട്രയിൽ 17000 അദ്ധ്യാപകർ പണിമുടക്കിൽ പങ്കുചേർന്നു.

1982 ൽ ഒന്നാം പാദ യൂണിവേഴ്സിററി പരീക്ഷകൾ ബഹിഷ്കരിക്കാൻ തയ്യാറെടുക്കാൻ അദ്ധ്യപകരോട് ആഹ്വാനം ചെയ്തിട്ടുണ്ടെന്ന് ഫെഡറേഷൻ മഹാരാഷ്ട്ര ഗവർണർക്ക് അയച്ച നിവേദനത്തിൽ പറഞ്ഞു. മഹാരാഷ്ട്ര നിയമസഭസമ്മേളിക്കുന്ന നാഗ്പൂരിൽ കൗൺസിൻ ഹാളിനു മുമ്പിൽ പ്രകടനമായെത്തിയ അദ്ധ്യാപകരെ പ്രമുഖ തൊഴിലാളിയൂണിയൻ നേതാവ് ദത്ത സാമന്ത് അഭിസംബോധന ചെയ്തു. ഒരു പ്രതിനിധി സംഘം പിന്നീട് സംസ്ഥാന വിദ്യാഭ്യാസ മന്ത്രി ബിറാം ഹിരായെ സന്ദർശിച്ച് നിവേദനം നല്കി.

## കേരളത്തിൽ

AIFUCTO ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ നേടിയെടുക്കവാനുള്ള സമരത്തിൻെറ ഭാഗമായി എ. കെ പി. സി. ടി. എ. ഡിസംബർ 15 ന് പ്രതിഷേധ ദിനം ആചരിച്ചു. ഓരോ കോളേജിലും അദ്ധ്യാപകർ മുദ്രവാക്യം മുഴക്കി പ്രകടനം നടത്തുകയും ബ്രാഞ്ചുയോഗം ചേർന്ന് AIFUCTO ചാർട്ടർ ഓഫ് ഡിമാൻറ്സ് എല്ലാവരും ഒപ്പിട്ട് പ്രധാനമന്ത്രിക്ക് അയയ്ക്കുകയും ചെയ്തു. ○

(7–ാം പേജിൻെറ തുടർച്ച)

പട്ടിണികൊണ്ട് നട്ടം തിരിയുന്നവർ, അമിതാധ്വാനം കൊണ്ട് മാരകരോഗം പിടിപെട്ടാശുപത്രിയിൽ ചെന്നാൽ, പലപ്പോഴും ഡോക്ടർക്ക് അവരെ ശരിക്കൊന്നു പരിശോധിക്കാൻപോലും സമയം കാണില്ല,— അപ്പോഴായിരിക്കും ഏതെങ്കിലും പണക്കാരനോ, വിഐപിയോ, ജലദോഷമോ, നെഞ്ചിനു വേദനയോ, ഉണ്ടോ എന്ന സംശയം തോന്നുന്ന എന്ന വിവരം അറിയുന്നത്. ഉടനെ അങ്ങോട്ടു പോയല്ലേ പററൂ. അഥവാ നോക്കിയാലോ കുറിച്ചു കൊടുക്കുന്നതു്, ടോണിക്കുകളും വിററാമിൻ ഗുളികകളും വില കൂടിയ മരുന്നുകളുമായിരിക്കും. കാരണം മിക്ക ഡോക്ടർമാരും മരുന്നു കമ്പനിക്കാരുടെ ചരടുവലിക്കൊപ്പമാണ് പ്രവർത്തിക്കുന്നതു്. മരുന്നുകമ്പനിക്കാർക്കും, ഡോക്ടർമാർക്കും ലാഭം.-പാവം രോഗിയുടെ ചെലവിൽ. ഈ കാര്യങ്ങളാണ് - സാമൂഹ്യ ബോധമില്ലാത്ത ഡോക്ടർമാരും ലാഭക്കൊതിയന്മാരായ മരുന്നുകമ്പനിക്കാരും കൂടെ ആധുനിക വൈദ്യശാസ്ത്രത്തെ, തങ്ങളുടെ കീശവീർപ്പിക്കാൻ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് 'യുദ്ധം,' നരകം, എന്നീ നാടകങ്ങളിലെ പ്രതി പാദ്യം.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ന്യൂനതകളിലേയ്ക്കു വിരൽ ചൂണ്ടുന്നതാണ്, തത്തമ്മേ പൂച്ച പൂച്ച, എന്ന നാടകം.

''ജനിച്ചനാൾ തൊട്ട് മകനിംഗ്ലീഷ് പഠിക്കാൻ ഭാര്യയുടെ പേറ് ഇംഗ്ലണ്ടിലാക്കിയ പൊങ്ങച്ചക്കാരായ മാന്യൻമാർ; വിരസമായ അധ്യാപനരീതികാരണം വിദ്യാഭ്യാസത്തിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്ന വിദ്യാർഥികൾ, ജിജ്ഞാസാഭരിതരായ വിദ്യാർഥികളെ ബുദ്ധി ശക്തി മുരടിപ്പിച്ച് ജയിക്കാൻ വേണ്ടി മാത്രം പഠിക്കാൻ പ്രേരിപ്പിക്കുന്ന അധ്യപകർ; വിദ്യാർഥികളുടെയും അധ്യാപകരുടെയും ആത്മാഭിമാനത്തെ നശിപ്പിക്കുന്ന, വിദ്യാഭ്യാസ സമ്പ്രദായത്തിലെ കഷ്ടമായ കോഴ; എല്ലാം. എല്ലാം, കലാപരമായി തന്നെ ഈ നാടകത്തിൽ കോർത്തിണക്കിയിരിക്കുന്നു.

''പഠിക്കുന്നതെന്തിന്
ജയിക്കാൻ.
ജീവിതം പഠിച്ചവൻ
മക്കളെ പഠിപ്പിച്ചിടുന്നതും
ജയിക്കാൻ.
പഠിപ്പിക്കുകയേ വേണ്ട;
ജയിക്കണം;
എന്നിട്ട്
ഉറപ്പാക്കണം വല്യശമ്പളം
അതുമതി.
ഇതല്ലേനാട്ടുനടപ്പ്?''

എന്ന് നാടകത്തിൽ ചോദിക്കുമ്പോൾ ഇന്നത്തെ വിദ്യാഭ്യാസ കച്ചവടത്തിലെ അഴിമതികളും മററു പോരായ്മകളും തുറന്നുകാട്ടുകയല്ലേ?

പരിസരമലിനീകരണം; വനനശീകരണം ഇവയുടെ കൊടും കെടുതികളിലേയ്ക്ക് വെളിച്ചം വീശുന്നതാണ് കറവരശ്ശ കളിയും, കാക്കാരശി നാടകവും. വിഷപ്പുകതുപ്പുന്ന ചിമ്മിനികളും വിഷജലം പുഴകളിലേക്കൊഴുക്കുന്ന കുഴലുകളും, എല്ലാം വൻകിടക്കാരുടെതാണ്. ഇവ കാരണം ശ്വാസകോശരോഗങ്ങൾ പിടിപ്പെട്ടിട്ടും മരുന്നു വാങ്ങാൻ ശേഷിയില്ലാത്തവരും, കുടിജലം പോലും ലഭിക്കാത്തവരും കുളിജലത്തിലെ മാലിന്യം കാരണം രോഗികളായവരും ഒന്നും തങ്ങളുടെ ലാഭക്കൊതിയ്ക്കുമുമ്പിൽ വൻകിടക്കാർക്ക് പ്രശ്നമല്ല.

മലിനീകരണം പൂർണമായും ഒഴിവാക്കാൻ കഴിയുന്ന സാങ്കേതിക ജ്ഞാനം ഇന്നു ലഭ്യമാണ്. എന്നാൽ അതിനായി അൽപം കൂടുതൽ മുതൽ മുടക്കാൻ ഫാക്ടറി ഉടമകൾ തയ്യാറല്ല. പണമുണ്ടാക്കാൻ തമ്പ്രാക്കളുകാട്ടുന്ന ഈ കൊല്ലാക്കൊലയ്ക്കെതിരെ മുന്നറിയിപ്പു നല്കിക്കൊണ്ടാണ് കറവരശ്ശകളിയും കാക്കാരശി നാടകവും അവസാനിക്കുന്നതു്

എന്തെങ്കിലും കാര്യത്തിന് സർക്കാരാഫീസിൽ പോകാത്തവർ നമ്മുടെ നാട്ടിൽ ചുരുക്കമായിരിക്കും. വിദ്യാഭ്യാസമുള്ളവരും, വിവരമുള്ളവരും തങ്ങൾക്കർഹതപ്പെട്ടതെന്നുറപ്പുള്ള കാര്യങ്ങൾ സാധിച്ചു കിട്ടുന്നതിനവിടെ ചെന്നാൽപോലും അവിടെയുള്ള ആഫീസറെയും ഗുമസ്ഥനെയും ശിപായിയെയുമൊക്കെ കാണേണ്ടരീതിയിൽ കണ്ടില്ലെങ്കിൽ കാര്യം സാധിക്കി

ല്ല. അപ്പോൾ പിന്നെ വെള്ളപ്പൊക്കത്തിൽ തന്റെ എല്ലാമായ വീട് നഷ്ടപ്പെട്ട പാവപ്പെട്ടവനായ തങ്കപ്പൻപിള്ള സർക്കാർ സഹായത്തിന് ആഫീസിൽ ചെന്നാലോ? അതാണ് ആഫീസ് എന്ന നാടകത്തിലെ പ്രമേയം. നമ്മുടെ നാട്ടിലെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ, അത് സർക്കാർ ആഫീസിലെ ജോലിക്കാർക്കൊരു തമാശയാണ്. അതേ സമയം ബാഹുലേയൻ മുതലാളിയ്ക്കുവേണ്ടി മിനിട്ട് വച്ച് ഫയൽ നീങ്ങുന്നു. ടൈപ്പിസ്റ്റില്ലാത്തതുകാരണം ഗുമസ്ഥൻ തന്നെ ടൈപ്പു ചെയ്യുന്നു. പക്ഷേ പാവം 'തങ്കപ്പൻപിള്ള' ദിവസങ്ങളും മാസങ്ങളും ആഫീസിൽ കയറിയിറങ്ങുന്നു, ഫലമില്ലാതെ. അവസാനം ജനരോഷം തങ്ങൾക്കെതിരെ ആഞ്ഞടിക്കുന്നോ എന്നു സംശയിച്ചു പകച്ചുനിൽക്കുന്ന ഗുമസ്ഥനെയും ആഫീസറെയും അവതരിപ്പിച്ചുകൊണ്ട് നാടകം അവസാനിക്കുന്നു. (എന്നാണാ ജനരോഷം ഉണ്ടാവുക?)

ഇങ്ങനെ ശാസ്ത്രകലാ ജാഥയിൽ അവതരിപ്പിച്ച പരിപാടികളെല്ലാംതന്നെ ജനങ്ങളുടെ പ്രശ്നങ്ങളെകുറിച്ചും അവയുടെ ശാസ്ത്രീയ പരിഹാരത്തെക്കുറിച്ചും ജനങ്ങളെ ചിന്തിപ്പിക്കാനുതകുന്നവ ആയിരുന്നു. പ്രസംഗങ്ങൾക്ക് കഴിയുന്നതിലെത്രയോ കൂടുതൽ കലാപരിപാടികൾക്ക് കഴിഞ്ഞു. ഓരോ സ്വീകരണ കേന്ദ്രത്തിലും തടിച്ചു കൂടിയ ജനങ്ങളുടെ എണ്ണം അതാണു വിളിച്ചറിയിച്ചത്.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഈദൃശപരിപാടികളിൽ പങ്കാളികളാവുക എന്നത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിർണായകശക്തി എന്ന നിലയ്ക്ക് പ്രൈവറ്റ് കോളേജധ്യാപകരുടെ കൂടെ കടമയാണ്. ഓരോ അധ്യാപകനും അതിനായി മുമ്പോട്ടു വരും എന്നു പ്രതീക്ഷിക്കുന്നു.

○

---


(10-ാം പേജിന്റെ തുടർച്ച)

അദ്ദേഹത്തിന്റെ ജൂനിയേഴ്സിനെ (അവർ പെർമനന്റ് വേക്കൻസിക്കാരാണല്ലോ) ഒക്കെ സർവകലാശാല പ്രൊമോട്ടു ചെയ്തു ഇപ്പോൾ മധുകുമാർ ജൂനിയറാണ്. അദ്ദേഹത്തിന്റെ സീനിയോറിട്ടി നഷ്ടപ്പെടുന്ന മട്ടാണ്. ഈ നൂലാമാലകളുടെ കെട്ടുകൾ അഴിക്കുവാൻ അദ്ദേഹം എ. കെ. പി. സി. ടി. എ യുടെ സഹായത്തോടെ മുന്നോട്ടുപോകുമ്പോഴാണ് അടുത്തമാരണം. മധുകുമാറിനെ വീണ്ടും മട്ടന്നൂർ പഴശിരാജയിലേക്ക് സ്ഥലം മാറ്റി. കോഴിക്കോട് സർവകലാശാലയും, ഡപ്യൂട്ടി ഡിസിയും ഈ അധ്യാപകന് സർവീസ് ബ്രേക്ക് കൽപിച്ചിട്ടില്ല. 1979 ഫെബ്രുവരിമുതൽ ഒക്ടോബർവരെ മട്ടന്നൂരിൽ ജോലി ചെയ്ത അദ്ദേഹത്തിന് ഏപ്രിൽ, മേയ് മാസങ്ങളിലെ ബ്രേക്ക് കൽപിക്കേണ്ടത് അവരാണ്. 1979 ഒക്ടോബറിൽ മാത്രമാണ് അദ്ദേഹം കേരള യൂണിവേഴ്സിറ്റിയുടെ പരിധിയിലെത്തുന്നത്. കേരള യൂണിവേഴ്സിറ്റിക്കും, ഡപ്യൂട്ടി ഡി. സി ക്കും 1979 ഏപ്രിൽ, മെയ് മാസങ്ങളിൽ ബ്രേക്കുണ്ടെന്നു പറയുവാനുള്ള അവകാശമില്ലെന്നുതന്നെയല്ല അതിനുള്ള കാരണവുമില്ല.

ഈ അധ്യാപകൻ അനുഭവിക്കുന്ന മാനസിക–ശാരീരിക വ്യഥകൾക്ക് ആരാണുത്തരവാദി? പരപീഡനാൽസുകതയുടെ പാരമ്യത്തിൽ വിഹരിക്കുന്ന മാനേജ്മെന്റ് ക്രമംതെറ്റിയുള്ള നിയമനങ്ങൾ നടത്തുന്നതാണ് പ്രശ്നങ്ങളുടെ അടിസ്ഥാനം. അധ്യാപനത്തോട് ഇങ്ങനെയുള്ള അധ്യാപകർക്ക് എന്തുമാത്രം നീതിപുലർത്താനാകും? ഇതൊരൊറ്റപ്പെട്ട സംഭവമല്ല. നിരാശയുടെ പടുകുഴിയിൽ കഴിയുന്ന പ്രതിഭാധനരായ ഇത്തരക്കാർ നിരവധിയാണ്. ഭാവി തലമുറയെവാർത്തെടുക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഈ നിർദ്ദോഷികളെ നിഹനിക്കുന്ന നിയമങ്ങളേ, നിങ്ങളുടെ ചിത്രം ഭയാനകംതന്നെ!

കണ്ണുതുറക്കാത്ത ദൈവങ്ങളെ നേരിടുവാൻ സംഘടിത ശക്തിക്കേ കഴിയൂ.

□



വർക്കല ശ്രീ നാരായണാകോളേജിൽ അധ്യാപകനായിരിക്കെ നിര്യാതനായ പ്രൊഫ എൻ. വാസുപിള്ളയുടെ കുടുംബത്തിന് എ കെ. പി സി. ടി. വെൽഫയർ ട്രസ്റ്റിൽ നിന്നുള്ള ധനസഹായം ഡിസംബർ 15ന് നൽകി. കൊല്ലം ശ്രീനാരായണാ കോളേജിൽ നടന്ന ലളിതമായ ചടങ്ങിൽ സംഘടനാ പ്രസിഡൻറ് പ്രൊഫ പി. രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. കേരളായൂണിവേഴ്സിററി പ്രോ—വൈസ് ചാൻസ്ലർ ഡോ. എൻ എ. കരീം, പതിനായിരം രൂപയുടെ ചെക്ക് പ്രൊഫ. എൻ വാസുപിള്ളയുടെ മകൻ സഞ്ജുവിന് നൽകി.

പ്രൊഫ. എസ്. ശിവപ്രസാദ്, പ്രൊഫ. നന്ദിയോട്ട് രാമചന്ദ്രൻ, പ്രൊഫ. എൻ. ഭാർഗവൻ, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു. വെൽഫയർ ട്രസ്റ്റ് സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ് സ്വാഗതവും, പ്രൊഫ. എസ്. ഹജ്ജു മുഹമ്മദ് കൃതജ്ഞതയും പറഞ്ഞു.

പ്രൊഫ. വാസുപിള്ളയുടെ മകൻ സഞ്ജുവിന് പതിനായിരം രൂപയുടെ ചെക്ക് കേരള യൂണിവേർസിററി പ്രോ—വൈസ് ചാൻസ്ലർ ഡോ. എൻ. എ. കരീം നൽകുന്നു

# വെൽഫയർ ട്രസ്ററിൽ നിന്ന് ധനസഹായം



ചടങ്ങിൽ പങ്കെടുത്തവർ

# ALL INDIA FEDERATION OF UNIVERSITY AND COLLEGE TEACHERS' ORGANISATIONS

(AIFUCTO)

## NATIONAL CHARTER OF DEMANDS

1) Implementation of U. G. C. scales of pay in Kerala.
2) Solution of problems of D. P. E., Librarians, Tutors, Demonstrators Junior Lectures etc.—the teachers who have been long denied their dues.
3) Revision of salary scales—ensuring full neutralisation of erosion in real wages as a result of inflation and a single running grade for all categories of teachers.
4) Statutory security of service for all teachers including that serving in minority—run institutions.
5) Representation of AIFUCTO on U. G. C. and C. A. B. E.
6) Democratisation of governance of Colleges and Universities.
7) Full critic and political rights for teachers in Colleges and Universities.
8) Direct payment from the treasury in all states.
9) Common cadre for +2 and +3 teachers.
10) Abolition of discrimination between teachers of state and Central Universities and colleges affiliated to those with respect to all perquisites.
11) Age of superannuation not below 60 years.

---

### എ. കെ. പി. സി. ടി. എ. ജില്ലാ സെക്രട്ടറിമാർ



പ്രൊഫസർ
കെ. സദാശിവൻനായർ
ആലപ്പുഴ



പ്രൊഫസർ
കെ. കെ. രാമകൃഷ്ണൻ
എറണാകുളം

## പുതിയ ഡി. എ. 1981 (ജൂൺ മുതൽ)

ഉത്തരവിന്റെ നമ്പർ:

"G. O. (P) No. 842/81 Fin. dated 18th December 1981."

| അടിസ്ഥാന ശമ്പളം | പുതുക്കിയ ഡി.എ. | അടിസ്ഥാന ശമ്പളം | പുതുക്കിയ ഡി.എ. | അടിസ്ഥാന ശമ്പളം | പുതുക്കിയ ഡി. എ | അടിസ്ഥാന ശമ്പളം | പുതുക്കിയ ഡി. എ. |
|---|---|---|---|---|---|---|---|
| 280– | 135 | 372–374 | 180 | 478–479 | 225 | 706–707 | 270 |
| 281–283 | 136 | 375–377 | 181 | 480–481 | 226 | 708–710 | 271 |
| 284– | 137 | 378– | 182 | 482–484 | 227 | 711–712 | 272 |
| 285–287 | 138 | 379–381 | 183 | 485–486 | 228 | 713–715 | 273 |
| 288– | 139 | 382– | 184 | 487–488 | 229 | 716–718 | 274 |
| 289–291 | 140 | 383–385 | 185 | 489–490 | 230 | 719–720 | 275 |
| 292– | 141 | 386– | 186 | 491–493 | 231 | 721–723 | 276 |
| 293–295 | 142 | 387–389 | 187 | 494–495 | 232 | 724–726 | 277 |
| 296–298 | 143 | 390– | 188 | 496–497 | 233 | 727–729 | 278 |
| 299– | 144 | 391–393 | 189 | 498–499 | 234 | 730–732 | 279 |
| 300–302 | 145 | 394– | 190 | 500–502 | 235 | 733–734 | 280 |
| 303– | 146 | 395–397 | 191 | 503–504 | 236 | 735–737 | 281 |
| 304–306 | 147 | 398– | 192 | 505–506 | 237 | 738–739 | 282 |
| 307– | 148 | 399–401 | 193 | 507–511 | 238 | 740–742 | 283 |
| 308–310 | 149 | 402–409 | 194 | 512–519 | 239 | 743-744 | 284 |
| 311– | 150 | 410–411 | 195 | 520–527 | 240 | 745-747 | 285 |
| 312–314 | 151 | 412–413 | 196 | 528–536 | 241 | 748-749 | 286 |
| 315–316 | 152 | 414–415 | 197 | 537–544 | 242 | 750–752 | 287 |
| 317–318 | 153 | 416–418 | 198 | 545–552 | 243 | 753.754 | 283 |
| 319–320 | 154 | 419–420 | 199 | 553–560 | 244 | 755.757 | 289 |
| 321–322 | 155 | 421–422 | 200 | 561–569 | 245 | 758–759 | 290 |
| 823–324 | 156 | 423–424 | 201 | 570–577 | 246 | 760.762 | 291 |
| 325–326 | 157 | 425–427 | 202 | 578–584 | 247 | 763–765 | 292 |
| 327–328 | 158 | 428–429 | 203 | 585–593 | 248 | 766–768 | 293 |
| 329–330 | 159 | 430–431 | 204 | 594–601 | 249 | 769–771 | 294 |
| 331–332 | 160 | 432–434 | 205 | 602–610 | 250 | 772–773 | 295 |
| 333–335 | 161 | 435–436 | 206 | 611–617 | 251 | 774.776 | 296 |
| 336–337 | 162 | 437–438 | 207 | 618–626 | 252 | 777–779 | 297 |
| 338–339 | 163 | 439–440 | 208 | 627–634 | 253 | 780–781 | 298 |
| 340–341 | 164 | 441–443 | 209 | 635–643 | 254 | 782.784 | 299 |
| 342–343 | 165 | 445–445 | 210 | 644–650 | 255 | 785.786 | 300 |
| 344–345 | 166 | 446–447 | 211 | 651–659 | 256 | 787.789 | 301 |
| 346–347 | 167 | 448–449 | 212 | 660–667 | 257 | 790.791 | 302 |
| 348–350 | 168 | 450–452 | 213 | 668–674 | 258 | 792.794 | 303 |
| 351– | 169 | 453–454 | 214 | 675–678 | 259 | 795.796 | 304 |
| 352–354 | 170 | 455–456 | 215 | 679–682 | 260 | 797.799 | 305 |
| 355– | 171 | 457–459 | 216 | 683–685 | 261 | 800.801 | 306 |
| 356–358 | 172 | 460–461 | 217 | 686–687 | 262 | 802–804 | 307 |
| 359– | 173 | 462–463 | 218 | 688–690 | 263 | 805.806 | 308 |
| 360–362 | 174 | 464–465 | 219 | 691–692 | 264 | 807–810 | 309 |
| 363– | 175 | 466–468 | 220 | 693–695 | 265 | 811.813 | 310 |
| 364–366 | 176 | 469–470 | 221 | 696–697 | 266 | 814–815 | 311 |
| 367– | 177 | 471–472 | 222 | 698–700 | 267 | 816.818 | 312 |
| 668–370 | 178 | 473–474 | 223 | 701–702 | 268 | 819–820 | 313 |
| 371– | 179 | 475–477 | 224 | 703–705 | 269 | 821.823 | 314 |

| അടി സ്ഥാന ശമ്പളം | പുതുക്കിയ ഡി.എ | അടി സ്ഥാന ശമ്പളം | പുതുക്കിയ ഡി.എ. | അടി സ്ഥാന ശമ്പളം | പുതുക്കിയ ഡി.എ | അടി സ്ഥാന ശമ്പളം | പുതുക്കിയ ഡി. |
|---|---|---|---|---|---|---|---|
| 824–826 | 315 | 960–961 | 367 | 1124.1126 | 419 | 1857– | 443 |
| 827–828 | 316 | 962–964 | 368 | 1127.2130 | 420 | 1858– | 442 |
| 829–831 | 317 | 965–966 | 369 | 1131.1133 | 421 | 1859– | 441 |
| 832–833 | 318 | 967–969 | 370 | 1134.1137 | 422 | 1860– | 440 |
| 834–836 | 319 | 970–972 | 371 | 1138.1140 | 423 | 1861– | 439 |
| 837–838 | 320 | 973–974 | 372 | 1141.1144 | 424 | 1862– | 438 |
| 839–841 | 321 | 975–977 | 378 | 1145.1147 | 425 | 1863– | 437 |
| 842–843 | 322 | 978–980 | 374 | 1148.1150 | 426 | 1864– | 436 |
| 844–846 | 323 | 981–983 | 375 | 1151.1153 | 427 | 1865– | 435 |
| 847–848 | 324 | 984–986 | 376 | 1154.1156 | 428 | 1866– | 434 |
| 849–852 | 325 | 987–988 | 377 | 1157.1159 | 429 | 1867– | 433 |
| 853–855 | 326 | 989–991 | 378 | 1160.1162 | 430 | 1868– | 432 |
| 856–858 | 327 | 992–993 | 379 | 1163.1165 | 431 | 1869– | 431 |
| 858–360 | 328 | 994–996 | 380 | 1166 1168 | 432 | 1870– | 430 |
| 861–862 | 329 | 997–998 | 381 | 1169.1171 | 433 | 1871– | 429 |
| 863–865 | 330 | 999–1001 | 382 | 1172 1174 | 434 | 1872– | 428 |
| 866–867 | 331 | 1002–1003 | 383 | 1175 1177 | 435 | 1873– | 427 |
| 868–870 | 332 | 1004–1006 | 384 | 1178.1180 | 436 | 1874– | 426 |
| 871–872 | 333 | 1007–1008 | 385 | 1181.1183 | 437 | 1875– | 425 |
| 873–875 | 334 | 1009–1011 | 386 | 1184.1186 | 438 | 1876– | 424 |
| 876–873 | 335 | 1012–1013 | 387 | 1187.1189 | 439 | 1877– | 423 |
| 879–880 | 336 | 1014–1017 | 388 | 1190.1192 | 440 | 1878– | 422 |
| 881–883 | 337 | 1018–1021 | 389 | 1193.1195 | 441 | 1879– | 421 |
| 884–885 | 338 | 1022–1024 | 390 | 1196.1198 | 442 | 1880– | 420 |
| 886–888 | 339 | 1025–1027 | 391 | 1199.1201 | 443 | 1881– | 419 |
| 889–890 | 340 | 1028–1031 | 392 | 1202.1204 | 444 | 1882– | 418 |
| 891–894 | 341 | 1032–1035 | 393 | 1205.1207 | 445 | 1883– | 417 |
| 895–897 | 342 | 1036–1038 | 394 | 1208.1211 | 446 | 1884– | 416 |
| 898–899 | 343 | 1039–1041 | 395 | 1212.1214 | 447 | 1885– | 415 |
| 900–902 | 344 | 1042–1045 | 396 | 1215.1217 | 448 | 1886– | 414 |
| 903–904 | 345 | 1046–1049 | 397 | 1218.1220 | 449 | 1887– | 413 |
| 905–907 | 346 | 1050–1053 | 398 | 1221.1223 | 450 | 1888– | 412 |
| 908–909 | 347 | 1054–1055 | 399 | 1224.1226 | 451 | 1889– | 411 |
| 910–912 | 348 | 1056–1059 | 400 | 1227 1229 | 452 | 1890– | 410 |
| 913–914 | 349 | 1060–1063 | 401 | 1230.1232 | 453 | 1891– | 409 |
| 915–917 | 350 | 1064–1067 | 402 | 1233.1235 | 454 | 1892– | 408 |
| 918–919 | 351 | 1068–1069 | 403 | 1236.1238 | 455 | 1893– | 407 |
| 920–922 | 352 | 1070–1073 | 404 | 1239.1241 | 456 | 1894– | 406 |
| 923–925 | 353 | 1074–1077 | 405 | 1242.1843 | 457 | 1895– | 405 |
| 926–927 | 354 | 1078–1081 | 406 | 1844. | 456 | 1896– | 404 |
| 928–930 | 355 | 1082–1085 | 407 | 1845. | 455 | 1897– | 403 |
| 931–932 | 356 | 1086–1087 | 408 | 1846. | 454 | 1898– | 402 |
| 933–936 | 357 | 1088–1091 | 409 | 1847. | 453 | 1899– | 401 |
| 937–939 | 358 | 1092–1095 | 410 | 1848. | 452 | 1900– | 400 |
| 940–941 | 359 | 1096–1099 | 411 | 1849. | 451 | 1901– | 399 |
| 942–944 | 360 | 1100–1101 | 412 | 1850. | 450 | 1902– | 398 |
| 945–946 | 361 | 1102–1105 | 413 | 1851. | 449 | 1903-2750 | 397 |
| 947–949 | 362 | 1106–1109 | 414 | 1852. | 448 | (inclusive) | |
| 950–951 | 363 | 1110–1113 | 415 | 1853. | 447 | | |
| 952–954 | 364 | 1114–1116 | 416 | 1854. | 446 | | |
| 955–956 | 365 | 1117–1119 | 417 | 1855. | 445 | | |
| 957–959 | 366 | 1120–1123 | 418 | 1856. | 444 | | |

# kerala private college teacher

*monthly journal of the all kerala private college teachers' association*

*No. 33* *R. No. M-36025/81* *Registered No: KL/TV/237*


മാനേജ്മെൻറുകൾ അധ്യാപക ദ്രോഹനയം അവസാനിപ്പിയ്ക്കുക

## സ്ഥലം മാററങ്ങൾക്ക് തത്ത്വങ്ങൾ ആവിഷ്കരിക്കുക അന്യായമായ സ്ഥലംമാററങ്ങൾ റദ്ദു ചെയ്യുക,

## ജനുവരി 16 ന് S N മാനേജുമെൻറിനു മുമ്പിലും ജനുവരി 23ന് N S S മാനേജുമെൻറിനു മുമ്പിലും എ. കെ. പി. സി. ടി. എ. യുടെ കൂട്ടധർണ


*printed and published by v. narayanan kutty, at chembaka printers, trivandrnm-4*
*chief editor: v. n. murali.*